**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2458** **12-02-2024 - ൽ മറുപടിയ്ക്ക്**

**ഹരിതകർമ്മ സേന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ഹരിതകർമ്മ സേനയിൽ നിലവിൽ ഒരു വാർഡിൽ എത്ര അംഗങ്ങൾ എന്ന നിലയിലാണ് എണ്ണം നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | **12.08.2020 തീയതിയിലെ സ.ഉ(സാധാ) നം 1496/2020/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു വാർഡിൽ പരമാവധി 2 ഹരിതകർമ്മ സേനാംഗങ്ങൾ എന്ന നിലയിൽ എണ്ണം നിശ്ചയിച്ചിട്ടുണ്ട്.** |
| (ബി) | നിലവിലെ ജോലികൾ നിർവ്വഹിക്കുന്നതിന് ഇപ്പോഴുള്ള അംഗസംഖ്യ പര്യാപ്തമാണോ; | (ബി) | **ഒരു ഹരിതകർമ്മസേനാംഗത്തിന് ഒരു ദിവസം കുറഞ്ഞത് 50 വീടുകൾ എന്ന ക്രമത്തിലാണ് നൽകിയിട്ടുള്ളത്. എന്നാൽ ഭൂമിശാസ്ത്രപരമായ കിടപ്പ്, കെട്ടിടങ്ങളുടെ അകലം, മാലിന്യ സംസ്കരണ മേഖലയിലെ സേവനത്തിന്റെ വർദ്ധനവ് (ജൈവം, അജൈവം, സാനിറ്ററി മുതലായവ) ഇവ പരിഗണിച്ച് വ്യത്യാസം വരാവുന്നതാണ്. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും നിലവിലുള്ള ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം അതാത് സമയത്തെ ജോലിയുടെ ആവശ്യത്തിലേയ്ക്ക് പര്യാപ്തമാണോ എന്ന് വിലയിരുത്തുന്നതിനും ഏതെങ്കിലും സമയത്ത് പ്രവർത്തനത്തിന് ആനുപാതികമായി ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം ലഭ്യമല്ലായെന്ന് ബോധ്യപ്പെടുന്ന പക്ഷം ആവശ്യകത വിലയിരുത്തി പുതിയ അംഗങ്ങളെ തെരഞ്ഞെടുത്ത് നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.** |
| (സി) | ഹരിതകർമ്മ സേനയുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | (സി) | **ഒരു ഹരിതകർമ്മസേനാംഗത്തിന് ഒരു ദിവസം കുറഞ്ഞത് 50 വീടുകൾ എന്ന ക്രമത്തിലാണ് നൽകിയിട്ടുള്ളത്. എന്നാൽ ഭൂമിശാസ്ത്രപരമായ കിടപ്പ്, കെട്ടിടങ്ങളുടെ അകലം, മാലിന്യ സംസ്കരണ മേഖലയിലെ സേവനത്തിന്റെ വർദ്ധനവ് (ജൈവം, അജൈവം, സാനിറ്ററി മുതലായവ) ഇവ പരിഗണിച്ച് വ്യത്യാസം വരാവുന്നതാണ്. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും നിലവിലുള്ള ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം അതാത് സമയത്തെ** |

| | | | |
|---|---|---|---|
| | | | **ജോലിയുടെ ആവശ്യത്തിലേയ്ക്ക് പര്യാപ്തമാണോ എന്ന് വിലയിരുത്തുന്നതിനും ഏതെങ്കിലും സമയത്ത് പ്രവർത്തനത്തിന് ആനുപാതികമായി ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം ലഭ്യമല്ലായെന്ന് ബോധ്യപ്പെടുന്ന പക്ഷം ആവശ്യകത വിലയിരുത്തി പുതിയ അംഗങ്ങളെ തെരഞ്ഞെടുത്ത് നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ